EA Section 18/05/2019

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ ഓഫീസറുടെ സ്ഥലം മാറ്റവും & തസ്തിക പരസ്പരം മാറ്റം ചെയ്ത് കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1157/2019/ആ.കു.വ** തീയതി,തിരുവനന്തപുരം, 18/05/2019

പരാമർശം:- 1 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05/03/2019 & 01/04/2019 തിയതിയിലെ ഇഎ2-777 /17/ആവഡ നം കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഭരണപരമായ സൗകര്യാർത്ഥം മാവേലിക്കര ജില്ലാ ആശുപത്രിയിലെ ജൂനിയർ അഡ്മിനിസ്ട്രേറ്റിവ് മെഡിക്കൽ ഓഫീസർ തസ്തികയും വർക്കല താലൂക്ക് താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും പരസ്പരം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു. നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് അന്യത്ര സേവന കാലാവധി പൂർത്തിയാക്കി തിരികെ പ്രവേശിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഡോ.ജിതേഷ് കെ.എ. യെ മാവേലിക്കര ജില്ലാ ആശുപത്രി സൂപ്രണ്ടായും മാവേലിക്കര ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടായ ഡോ.രഞ്ജി കെ രാജനെ വർക്കല താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ട് ആയി പരസ്പരം മാറ്റി നിയമിച്ചു കൊണ്ടും വർക്കല താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ടായ ഡോ. ഷീല എസ് നെ തിരുവനന്തപുരം മലയൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സൂപ്രണ്ട് തസ്തികയിൽ മാറ്റി നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് (പി.ഡി.എഫ് രൂപത്തിൽ) ഔദ്യോഗിക വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതിന്റെ പകർപ്പ് ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സരിത.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം/ആലപ്പുഴ
ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് നം: ഇ.എ2-777/17/ആ.വ.ഡ തീയതി 24.05.2019</u>**
അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**